# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി13)1514/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി13)1514/2023 തീയ്യതി: 04/12/2023

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 27-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 27-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സന്തോഷ് കുമാർ കെ വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ് കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗ്രേസി ദയാനന്ദൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ വിൽസൺ പി.സി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നഫീസ സി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ഷമീന വി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രതിഭ മത്തായി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി എൽസ ഗിൽസ് | കൃഷി ഓഫിസർ | 01-04-2022 | 28-07-2022 |
| ശ്രീമതി കാർത്തിക വി | കൃഷി ഓഫിസർ | 29-07-2022 | 05-08-2022 |
| ശ്രീമതി സിമി കെ എസ് | കൃഷി ഓഫിസർ | 06-08-2022 | 31-03-2023 |
| ഡോ പ്രസീദ് സി പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ഗ്ലെൻസൺ കെ ജോസഫ് | മെഡിക്കൽ ഓഫിസർ, പി.എച്.സി. | 01-04-2022 | 10-05-2022 |
| ഡോ സഞ്ജു പോൾ | മെഡിക്കൽ ഓഫിസർ, പി.എച്.സി. | 11-05-2022 | 31-03-2023 |
| ഡോ പി.വി. ഇന്ദിര | മെഡിക്കൽ ഓഫിസർ, ആയുർവേദം | 01-04-2022 | 18-06-2022 |
| ഡോ രാജേന്ദ്രൻ എൻ എ | മെഡിക്കൽ ഓഫിസർ, ആയുർവേദം | 19-06-2022 | 31-03-2023 |
| ഡോ അഭിജിത് | മെഡിക്കൽ ഓഫിസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി സബീന ടി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| എം | | | |
| ശ്രീ പ്രശാന്ത് ഇ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ- തുക കൃത്യമല്ല, വിശദാംശങ്ങൾ ലഭ്യമല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | അനധികൃത നിർമ്മാണങ്ങൾക്ക് ചട്ട പ്രകാരം നികുതി ഈടാക്കുന്നില്ല. | 1-11 |
| 19 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - അപാകതകൾ | 1-12 |
| 20 | തനത് വരുമാനം - അവലോകനം | 1-13 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 22 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-15 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര പദ്ധതി - അപാകതകൾ | 1-16 |
| 24 | ആയുർവേദ മരുന്ന് വാങ്ങൽ - അപാകതകൾ | 1-17 |
| 25 | തുക കൈമാറിയെങ്കിലും ജാതി തൈകൾ ലഭ്യമായില്ല. | 1-18 |
| 26 | ജൈവവള വിതരണം -ഗുണനിലവാരം ഉറപ്പുവരുത്തിയില്ല. | 1-19 |
| 27 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |

| | | |
|---|---|---|
| 28 | കുടുംബശ്രീ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി- യൂണിറ്റുകൾ ആരംഭിച്ചില്ല. | 1-21 |
| 29 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-22 |
| 30 | നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല | 1-23 |
| 31 | സർക്കാർ നിർദ്ദേശം പാലിക്കുന്നത് സംബന്ധിച്ച് | 1-24 |
| 32 | ഇ ടെണ്ടർ ഫീസ് തുക സമയബന്ധിതമായി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല | 1-25 |
| 33 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല | 1-26 |
| 34 | മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ | 1-27 |
| 35 | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ -പഴയവ തിരികെ വാങ്ങി ലേലം ചെയ്തില്ല | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.07.2023 ലെ 6(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 04.12.2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2209021.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹752462.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്

1-1-4 സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല. കൂടാതെ മുൻകൂർ രജിസ്റ്റർ കാലികമല്ലാത്തതിനാൽ നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ വർഷങ്ങളിൽ ചെലവഴിച്ച തുക ക്രമീകരിക്കാനവശേഷിക്കുന്നതിന്റെ വിശദാംശങ്ങളും ലഭ്യമല്ല.

1-1-7 നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ- തുക കൃത്യമല്ല, വിശദാംശങ്ങൾ ലഭ്യമല്ല

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ നിക്ഷേപ പ്രവൃത്തിക്കായി കെ എസ് ഇ ബി-ക്ക് നൽകിയ തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത് ₹2827492.00 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ₹3089788.00 ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.
2. കേരളാ വാട്ടർ അതോറിട്ടിക്ക് നൽകിയ തുകയിൽ ₹733781/- ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ പദ്ധതികളുടേതാണെന്ന വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 15.03.2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയത് 09.03.2023-ലെ 3(1) -ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

| | ബജറ്റ് (പരിഷ്കരിച്ചത്) |
|---|---|
| മുന്നിരുപ്പ് | ₹ 51712.00 |
| വരവ് | ₹ 241007870.00 |
| ആകെ | ₹241059582.00 |
| ചെലവ് | ₹236367170.00 |
| നീക്കിയിരുപ്പ് | ₹ 4692412.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹13493505 |
| വരവ് | ₹37875413 |
| ആകെ | ₹51368918 |
| ചെലവ് | ₹35666392 |
| നീക്കിയിരിപ്പ് | ₹15702526 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16849000 | 16849000 | 15070954 | 0 | 1778046 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4692000 | 4692000 | 4317783 | 0 | 374217 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 79000 | 79000 | 79000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22760000 | 22760000 | 22452393 | 0 | 307607 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 4570000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) -ബാങ്ക് | 360406 | 2427000 + 56219 (പലിശ) | 2843625 | 1726346 | 1117279* | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) -ട്രഷറി | 0 | 308064 | 308064 | 196087 | 0 | 111977 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied)-ബാങ്ക് | 746889 | 3640000 | 4386889 | 3756820 | 630069 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied)-ട്രഷറി | 0 | 605695 | 605695 | 318998 | 0 | 286697 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 210939 | 210939 | 146920 | 64019 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 81142 | 81142 | 64084 | 17058 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 320 100 181 – TSC-PBIG | 779781 | 299567 | 1079348 | 918953 | 160395 | 0 |
| 320 100 125 - ICDS | 683949 | 1471112 | 2155061 | 74073 | 2080988 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 100 196 ( ഇക്കോ ഫ്രണ്ട്‌ലി ടോയ്‌ലറ്റ്) | 36044 | 0 | 36044 | 0 | 36044 | 0 |
| 320 300 199 –TSCസാനിറ്റേഷൻ | 17690 | 3218500 | 3236190 | 2600000 | 636190 | 0 |
| 320 300 103 – ശുചിത്വമിഷൻ-SBM | 638347 | 0 | 638347 | 638347 | 0 | 0 |
| 320 200 201 – കൃഷിവകുപ്പ് ഗ്രാന്റ് | 58112 | 0 | 58112 | 0 | 58112 | 0 |
| 320 300 102 – ജലനിധി | 1150936 | 0 | 1150936 | 0 | 1150936 | 0 |
| 320 600 101 – എം എൻ ഹൗസിങ്ങ് | 1312876 | 0 | 1312876 | 0 | 1312876 | 0 |

*വിവിധ പദ്ധതികളുടെ നികുതിയിനത്തിൽ കുറവ് ചെയ്ത 177443/- രൂപ അടവാക്കാനുള്ളത് അക്കൗണ്ടിൽ നിലനിൽക്കുന്നതിനാൽ നീക്കിയിരിപ്പ് 1294722/- രൂപയുണ്ട്.

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ് സി പി, ധനകാര്യ കമ്മീഷൻ തുക, സംരക്ഷണ ഗ്രാന്റ്-റോഡ് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 105213777 | 134 | 61670755 | 35 | 28 | 68.02% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3876 | 1171937 | 1175813 | 540375 | 635438 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 21998141 | 21998141 | 21998141 | - |
| ആകെ | 3876 | 23170078 | 23173954 | 22538516 | 635438 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4408800 | 230 |
| വിധവാപെൻഷൻ | 9714600 | 506 |
| വാർദ്ധക്യകാല പെൻഷൻ | 26510000 | 1381 |
| വികലാംഗപെൻഷൻ | 3109200 | 162 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായ മായ വനിതകൾക്കുള്ള ധനസഹായം | 727400 | 37 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2023 തീയതിയിൽ ഉച്ചയ്ക്ക് 4.00 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹ 5221/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയതിന്റെയും ക്രമീകരിക്കാനവശേഷിക്കുന്നതിന്റെയും വിവരങ്ങൾ പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
തനത് ഫണ്ടിൽ നിന്ന് കൈമാറുന്ന തുകകൾ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമായെന്ന് ഉറപ്പ് വരുത്തുന്നതിന് UTR സ്റ്റേറ്റ്മെന്റ് പോലെയുള്ള രേഖകളൊന്നും സൂക്ഷിച്ച് വരുന്നില്ല. ആയതിനാൽ തനത് ഫണ്ട് മുഖേന ചെലവഴിച്ച തുകകളുടെ വിനിമയം സുതാര്യമാണോയെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് റദ്ദ് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2019 | 11/2019 | 10.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2015 | 2009 - 10 To 2013-14 | 26.05.2015 |

1-11 അനധികൃത നിർമ്മാണങ്ങൾക്ക് ചട്ട പ്രകാരം നികുതി ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു.
എന്നാൽ അപേക്ഷ നമ്പർ എസ്.സി.2. 2077/2022 പ്രകാരം ആനി, പ്രീത അനൂപ്, ജാനറ്റ് അജീഷ് എന്നീ വ്യക്തികൾ നിയമാനുസൃതമല്ലാതെ നിർമിച്ചിട്ടുള്ള 477.38 ച.മീ. വിസ്തീർണത്തിലുള്ള കെട്ടിടം ഗ്രൂപ്പ് എഫ് ഗണത്തിൽ ഉൾപ്പെടുത്തി ക്രമവൽക്കരിക്കുന്നതിനായി 01.09.2022-ൽ നൽകിയ അപേക്ഷയിന്മേൽ എ.ഇ. സ്ഥല പരിശോധന നടത്തി 20.09.2022-ൽ നൽകിയ സ്ഥല പരിശോധന റിപ്പോർട്ടിൽ അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിൽ മെഷിനറിസ് പ്രവർത്തിക്കുന്നതായി കാണപ്പെട്ടു എന്നും ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗ ക്രമം അപേക്ഷകൻ സമർപ്പിച്ചതിൽ നിന്നും വ്യത്യാസം ഉണ്ട് എന്നും കൂടാതെ അളവുകൾ സംബന്ധിച്ചും മറ്റും അപാകതകൾ ഉള്ളതായും പ്ലാനിൽ കാണിച്ചിരിക്കുന്ന മഴവെള്ള സംഭരണ ടാങ്ക്, ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രസ്തുത സ്ഥലത്ത്

സ്ഥാപിച്ചിട്ടില്ല എന്നും സ്റ്റെയർ വിവരങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും കെ.എം.പി.ബി.ആർ. 2019 ചട്ട പ്രകാരം ആവശ്യമായ രേഖകൾ ഇല്ല എന്നുമാണ് വിശദീകരിക്കുന്നത്. അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി അപേക്ഷകന് കത്ത് അയക്കാവുന്നതാണ് എന്ന് കാര്യാലയ കുറിപ്പിൽ രേഖപ്പെടുത്തി ആയത് സെക്രട്ടറി 03.10.2022 -ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എങ്കിലും കത്ത് അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. എന്നാൽ നിയമാനുസൃതമല്ലാതെ നിർമിച്ചിട്ടുള്ള 477.38 ച.മീ. വിസ്തീർണത്തിലുള്ള ടി കെട്ടിടം ക്രമവൽകരിച്ചിട്ടില്ലാത്തതായിരുന്നിട്ടും എ.ഇ നടത്തിയ സ്ഥല പരിശോധനയിൽ അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിൽ മെഷിനറിസ് പ്രവർത്തിക്കുന്നതായി കാണപ്പെട്ട വിവരം റിപ്പോർട്ട് ചെയ്തിരുന്നിട്ടും അനധികൃത നിർമാണമായി പരിഗണിച്ച് യു. എ. നമ്പർ നൽകി അനധികൃത നിർമാണങ്ങൾക്ക് ചട്ട പ്രകാരം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 27.09.2023-ൽ നൽകിയ 26-ാം നമ്പർ അന്വേഷണ കുറുപ്പിന് മറുപടി ലഭ്യമായില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും ചട്ട പ്രകാരം ഈടാക്കേണ്ട നികുതി ഈടാക്കുകയും ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമാണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

1-12 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - അപാകതകൾ

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിൻമേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൻമേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ലാത്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

സ്റ്റീഫൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3-ാം വാർഡിലെ കെട്ടിട നമ്പർ 391-ൽ നിയമാനുസൃതമായി നിർമിച്ചിട്ടുള്ള 114.48 ച.മീ കെട്ടിടത്തിൽ നടത്തിയ 76.89 ച.മീ. അനധികൃത നിർമാണം ഗ്രൂപ്പ് എ1 (പാർപ്പിടാവശ്യം) എന്ന ഉപയോഗ ക്രമത്തിൽ ക്രമവൽക്കരിക്കുന്നതിനായി 13.10.2022-ൽ നൽകിയ അപേക്ഷയിന്മേൽ എ.ഇ സ്ഥല പരിശോധന നടത്തി. 16.11.2022-ൽ എ.ഇ. നൽകിയ സ്ഥല പരിശോധന റിപ്പോർട്ടിൽ അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാനിൽ അളവുകൾ സംബന്ധിച്ചും മറ്റും അപാകതകൾ ഉള്ളതായി വിശദീകരിക്കുന്നു. അതോടൊപ്പം കോൺക്രീറ്റ് റൂഫോടു കൂടിയ മറ്റൊരു കെട്ടിടവും ഉള്ളതായി വ്യക്തമാക്കുന്നു. അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി അപേക്ഷകന് കത്ത് അയക്കാവുന്നതാണ് എന്ന് കാര്യാലയ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി ആയത് സാക്ഷ്യപ്പെടുത്തിയതായോ, കത്ത് അയച്ചതിന്റെ പകർപ്പോ ഫയലിൽ ലഭ്യമല്ല. എന്നാൽ നിയമാനുസൃതമായി നിർമിച്ചിട്ടുള്ള 114.48 ച.മീ. കൂടാതെയുള്ള മറ്റു നിർമാണങ്ങൾ അനധികൃത നിർമാണമായി പരിഗണിച്ചതായോ നികുതി ഈടാക്കിയതായോ കാണുന്നില്ല.

മേൽ ഉദാഹരണം മുഖേന നാളിതുവരെയായി ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദ വിവരം ഓഡിറ്റിനായി ലഭ്യമാക്കുവാനാവശ്യപ്പെട്ടും മേൽ സൂചിപ്പിച്ച ഉദാഹരണത്തിലെ അപാകതയുടെ വിശദീകരണം ആവശ്യപ്പെട്ടും 27.09.2023-ൽ നൽകിയ 24-ാം നമ്പർ അന്വേഷണ കുറുപ്പിന് മറുപടി ലഭ്യമായില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും ചട്ട പ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ അങ്കമാലി ബ്ലോക്കിന്റെ പരിധിയിൽ 15 വാർഡുകളിലായി 14.32ച.കി.മീ. വിസ്തൃതിയിലുള്ളതാണ് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ 25/2023/ത.സ്വ.ഭ.വ,തീ.05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. അന്തിമ വിജ്ഞാപനം തയ്യാറാക്കിയില്ലായെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് നോട്ടീസ്, പത്രപരസ്യം, ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിനുള്ള സമയം എന്നിവ നൽകേണ്ടതാണ്. കൂടാതെ പുതുക്കിയ നിരക്കുകളിൽ തന്നെയാണോ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിലവിൽ സ്വീകരിക്കുന്നത് എന്ന് മോണിറ്ററിംഗ് നടത്താവുന്നതാണ്.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്ന രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.എ)വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്. എന്നാൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ കാലികമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഇപ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. സ.ഉ (പി) നം. 78/2017/ത സ്വഭവ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം 14 എ പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5 % നിരക്കിൽ അധിക ഫീസ് വാങ്ങാം. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നില്ല. ആയത് സംബന്ധിച്ച് സാധ്യതകൾ പരിശോധിച്ച് പഞ്ചായത്ത് തീരുമാനമെടുത്ത് തനത് വരുമാനം മെച്ചപ്പെടുത്താവുന്നതാണ്.

അമ്യൂസ്മെന്റ് പാർക്കുകൾ, ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, കേബിൾ ടി വി നെറ്റ് വർക്ക്, പ്രദർശന വിപണനമേളകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടാവാറുണ്ട്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭരണസമിതി തീരുമാനമെടുത്ത് അനുകൂല ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും വിനോദ നികുതി ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതുമാണ്.

തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നു. LSG-ന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S200/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് ധനസഹായം |
| അടങ്കൽ | 50000/-(തനത് ഫണ്ട്) |
| ചെലവ് | 50000/- |
| ബിൽ നമ്പർ | 174/11.01.2023 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ എന്ന നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ് പദ്ധതി. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ ആവശ്യത്തിലേക്കായി 2022-23 വർഷം പഞ്ചായത്തിൽ നിന്ന് ഒരു ഗുണഭോക്താവിനാണ് ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് 23.09.2023 ൽ നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ ഈയിനത്തിലെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, S103/23 |
| അടങ്കൽ | 492000/-(എസ്.സി.പി) |
| ചെലവ് | 490256/- |
| ബിൽ നം | 144/13.12.2022 ₹490256.00 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 13 വിദ്യാർത്ഥികൾക്ക് 37712/- രൂപ നിരക്കിൽ ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. Legendary Distributors Pvt Ltd. എന്ന സ്ഥാപനത്തിൽ നിന്ന് GeM മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022 തസ്വഭവ തീയതി 28.05.2022 ഉത്തരവ് ഖണ്ഡിക നമ്പർ 7.3.1 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും സർവ്വകലാശാലകളിലോ, അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കുമാണ് ലാപ്ടോപ്പിന് അർഹത. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ശ്രീഷ്മ അജീഷ്, പാങ്കോട്ട് എന്ന വിദ്യാർത്ഥിനി കാഞ്ഞൂർ വിമലാ ഹോസ്പിറ്റൽ സ്കൂൾ ഓഫ് നേഴ്സിംഗിൽ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിനാണ് പഠിക്കുന്നത്. ഇത് ബിരുദ കോഴ്സോ, സ്ഥാപനത്തിന് സർവ്വകലാശാലയുടെ അഫിലിയേഷൻ ഉള്ളതോ അല്ല.

2. CGST Act-2017 വകുപ്പ് 51, സർക്കുലർ നമ്പർ 65/39/2018-DOR തീയതി 14.09.2018, നോട്ടിഫിക്കേഷൻ നമ്പർ 50/18 Central Tax തീയതി 13.09.2018 എന്നിവ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങൽ

ആയതിനാൽ 2% ജി എസ് ടി ആയ ₹9805/- സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ തുക കുറവ് ചെയ്യാതെയാണ് ബിൽ നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.09.2023 ൽ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കി. ഗുണഭോക്താവായ വിദ്യാർത്ഥിനി മെഡിക്കൽ സംബന്ധമായ ഡിപ്ലോമ കോഴ്സിനാണ് പഠിക്കുന്നതെന്നതിനാലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബാംഗമായതിനാലുമാണ് ആനുകൂല്യം നൽകിയതെന്ന് മറുപടിയിൽ വിശദീകരിച്ചു. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെ അനുവദിച്ച ലാപ്ടോപ്പിന്റെ വിലയായ 37712/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനം 2% ജി എസ് ടി അടച്ചിട്ടുള്ളതായി അറിയിച്ച് അയച്ച് നൽകിയ ഒരു രേഖ മറുപടിയിൽ ഹാജരാക്കിയെങ്കിലും നിയമാനുസൃത ജി എസ് ടി അടച്ചതിന്റെ തെളിവ് അതിൽ ലഭ്യമല്ല. 2% എന്നത് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ട ജി എസ് ടി മാത്രമാണ്. ആയത് ബില്ലിൽ നിന്ന് കുറവ് ചെയ്യാത്തതിനാൽ സ്ഥാപനം ഈ ബിൽ പ്രകാരം അടവാക്കേണ്ട ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര പദ്ധതി - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര S131/23 |
| അടങ്കൽ തുക | 200000/-(എസ് സി പി) |
| ചെലവ് തുക | 200000/- |
| ബിൽ നമ്പർ/ തീയതി, തുക | 335/15.03.2023, തുക ₹200000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച ഈ പദ്ധതിയിൽ 40 വിദ്യാർത്ഥികൾക്ക് 5000/- രൂപ വില വരുന്ന മേശ, കസേര എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ച താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ അർഹതാ രേഖകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | കുറിപ്പ് |
|---|---|---|
| 1 | പ്രണീത് എൻ സുഭാഷ്, നെല്ലിക്കാത്ത്കാട്ടിൽ | റേഷൻ കാർഡ് (നം.1736075812) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം എടത്തല ഗ്രാമപഞ്ചായത്ത് |
| 2 | അജന്യകൃഷ്ണ പി, മൂലക്കുടത്ത് | ഫയലിൽ ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനം പാണാവള്ളി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ |
| 3 | അജയ്കൃഷ്ണ പി, മൂലക്കുടത്ത് | ഫയലിൽ ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനം പാണാവള്ളി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ |

ഗുണഭോക്താക്കൾ ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണോയെന്ന് വ്യക്തമാക്കേണ്ടതും വിദ്യാർത്ഥികളുടെ മാതാപിതാക്കൾ ഈ പഞ്ചായത്തിലെ വോട്ടർമാരാണെങ്കിൽ അത് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് 21.09.2023 ൽ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഹാജരാക്കിയ മറുപടിയിൽ ഇവരുടെ ആധാർ കാർഡ് ഈ പഞ്ചായത്തിലേതാണെന്നും ഇവരുടെ അമ്മമാർ ഇവിടുത്തെ താമസക്കാർ ആണെന്നും പഠിക്കുന്ന സ്കൂൾ ഈ പഞ്ചായത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ വോട്ടർമാരാണോയെന്നത് മറുപടിയിൽ നിന്ന് വ്യക്തമല്ല. ഈ പഞ്ചായത്തിൽ നിന്ന് ആനുകൂല്യം അനുവദിച്ച് നൽകിയതിന് ആവശ്യമായ അർഹതാ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ആയുർവേദ മരുന്ന് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S19/23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1300000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവ് | 1300000/- |
| ബിൽ നമ്പർ | 83/27.09.2022 തുക ₹800000/-<br>84/27.09.2022 തുക ₹500000/- |

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രൊജക്റ്റിൽ ആയുർധാര ഫാർമസ്യൂട്ടിക്കൽസ്, ഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ആയുർധാരയിൽ നിന്ന് 5,00,000/- രൂപയുടെ മരുന്നും, ഔഷധിയിൽ നിന്ന് 8,00,000/- രൂപയുടെ മരുന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആയുർധാര ഫാർമസ്യൂട്ടിക്കൽസ്-ൽ നിന്ന് ലഭ്യമായ താഴെപ്പറയുന്ന മരുന്ന് കാലാവധി കഴിഞ്ഞും വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

| ഇൻവോയ്സ് നം./തീയതി | ഇൻവോയ്സിലെ ക്രമ നമ്പർ | മരുന്നിന്റെ പേര് | മാനുഫാക്ച്ചർ തീയതി | എക്സ്പയറി തീയതി | വിതരണം ചെയ്യാനവശേഷിക്കുന്ന അളവ് | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|---|---|
| G000179/ 20.10.2022 | 15 | വ്യോഷാദി കഷായം | 07.06.2021 | 07.05.2023 | 27 ബോട്ടിൽ (02.03.2023 ൽ ലഭ്യമായ 01.11.2024 വരെ കാലാവധിയുള്ള 3 ബോട്ടിൽ ഉൾപ്പെടെ ആകെ 30 ബോട്ടിൽ) | 233 |

മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത് 21.10.2022 ൽ ആണ്. അതായത് കാലാവധി കഴിയാൻ ആറര മാസം മാത്രം ശേഷിക്കെയാണ് മരുന്ന് കൈപ്പറ്റി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ആയതിനാലാണ് ഇത്ര വേഗം മരുന്നിന്റെ കാലാവധി കഴിഞ്ഞതെന്നും കാണുന്നു. കാലാവധി കഴിഞ്ഞ മരുന്ന് സ്റ്റോക്കിൽ നിലനിൽക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് 25.09.2023 ൽ നൽകിയ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നിന്റെ ഇൻവോയ്സ് പരിശോധിച്ചതിൽ ആയുർധാരയിൽ നിന്ന് ലഭ്യമായിട്ടുള്ള പല മരുന്നുകളും കാലാവധി കഴിയാൻ ഒരു വർഷം പോലും ശേഷിക്കാത്തവയാണ് ഡിസ്പെൻസറിയിൽ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുള്ളതെന്ന് കാണുന്നു.

| ഇൻവോയ്സ് നം./തീയതി | ഇൻവോയ്സിലെ ക്രമ നമ്പർ | മരുന്നിന്റെ പേര് | മാനുഫാക്ച്ചർ തീയതി | മരുന്ന് ലഭ്യമായ തീയതി | എക്സ്പയറി തീയതി | അളവ് |
|---|---|---|---|---|---|---|
| G000179/ 20.10.2022 | 2 | അപരാജിത ധൂപ ചൂർണ്ണം 50 ഗ്രാം | 29.06.2021 | 20.10.2022 | 29.05.2023 | 3 പായ്ക്കറ്റ് |
| G000179/ 20.10.2022 | 18 | സപ്തസാരം കഷായം 200 ML | 28.09.2021 | 20.10.2022 | 28.08.2023 | 41 ബോട്ടിൽ |
| G000179/ 20.10.2022 | 19 | സപ്തസാരം കഷായം 200 ML | 08.06.2021 | 20.10.2022 | 08.05.2023 | 19 ബോട്ടിൽ |
| G000179/ 20.10.2022 | 25 | നയോപായം കഷായം 200 ML | 08.09.2021 | 20.10.2022 | 08.08.2023 | 38 ബോട്ടിൽ |

കാലാവധി കഴിയാൻ ഏതാനും മാസങ്ങൾ മാത്രം ശേഷിക്കുന്ന മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുക്കുന്നത്

അഭിലഷണീയമല്ല. ഇത്തരത്തിൽ വാങ്ങൽ നടത്തിയതിനാലാണ് കാലാവധി കഴിഞ്ഞും മരുന്ന് സ്റ്റോക്കിൽ വിതരണം ചെയ്യാതെ അവശേഷിക്കുകയും ചെലവഴിച്ച പണം പാഴായി പോവുകയും ചെയ്തത്. ഈ പ്രവണത ഒഴിവാക്കേണ്ടതും കാലാവധി കഴിഞ്ഞ മരുന്ന് സംബന്ധിച്ച സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-18 തുക കൈമാറിയെങ്കിലും ജാതി തൈകൾ ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 132/23<br>ബഡ് ചെയ്ത ജാതി തൈകളുടെ വിതരണം |
| അടങ്കൽ | 337500/- വികസന ഫണ്ട് -ജനറൽ<br>84375/- ഗുണഭോക്തൃവിഹിതം |
| ചെലവ് | 337500/- വികസന ഫണ്ട് -ജനറൽ |
| ബിൽ നം | TRN -221109000000017999/ Dt 20.3.23 |

മേൽ പദ്ധതി പ്രകാരം അഗ്രോ സർവീസ് സെന്റർ, ആലങ്ങാട് 1000 എണ്ണം ബഡ് ചെയ്ത ജാതി തൈകൾ വാങ്ങുന്നതിനായി ₹337500/- (ഇൻവോയ്സ് നം ASC/163/2022-23 Dt 02-30-23, 450000/-) നൽകിയിട്ടുണ്ട് എങ്കിലും തൈകൾ ലഭിച്ചതായോ വിതരണം ചെയ്തതായോ കാണുന്നില്ല. വിതരണം സംബന്ധിച്ചും അഗ്രോ സർവീസ് സെന്ററിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/25.09.23) മറുപടി ലഭ്യമാക്കിയില്ല.

തൈകൾ ലഭ്യമാക്കി വിതരണം ചെയ്ത് വിശദാംശങ്ങൾ സഹിതം അറിയിക്കുന്നത് വരെ ചെലവ് തുകയായ ₹337500/- തടസ്സപ്പെടുത്തുന്നു.

1-19 ജൈവവള വിതരണം -ഗുണനിലവാരം ഉറപ്പുവരുത്തിയില്ല.

കൃഷി ഓഫീസർ നടപ്പിലാക്കിയ 123/23 പുരയിടകൃഷിക്ക് ജൈവവളവും കുമ്മായവും വിതരണം(അടങ്കൽ - വികസനഫണ്ട് ജനറൽ-550000/- ഗുണഭോക്തൃവിഹിതം -137500/-; ചെലവ്, വികസനഫണ്ട് ജനറൽ-485299/-), 127/23വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന വാഴയ്ക്ക് ജൈവവളവും കുമ്മായവും (അടങ്കൽ - വികസനഫണ്ട് ജനറൽ-600000/- ഗുണഭോക്തൃവിഹിതം- 370000/- ; ചെലവ്, വികസനഫണ്ട് ജനറൽ-485299/-) എന്നീ പദ്ധതികൾ പ്രകാരം സർവീസ് സഹകരണസംഘങ്ങൾ വഴി കൃഷിക്കാർക്ക് ജൈവവളവും കുമ്മായവും വിതരണം ചെയ്തിട്ടുണ്ട്. സർവീസ് സഹകരണസംഘങ്ങൾ വാങ്ങിയിട്ടുള്ള ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ജൈവവളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് പരാതി ഉണ്ടായതായും കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 20/2/23 ലെ 4(1) നമ്പർ തീരുമാനപ്രകാരം കൃഷി ഭവൻ വഴി വിതരണം ചെയ്ത ജൈവവളം ഗുണനിലവാരമില്ലാത്തതാണെന്ന് റിപ്പോർട്ട് ലഭ്യമായ സാഹചര്യത്തിൽ വളം കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനായി കൃഷി വകുപ്പിന്റേയും സർക്കാരിന്റേയും വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. ജൈവവളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് സഹിതം അറിയിക്കേണ്ടതാണ്.

വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/26.09.23) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ അറിയിക്കേണ്ടതും ഭാവിയിൽ ഗുണനിലവാരം ബോധ്യപ്പെട്ട് വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-20 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) തൻവർഷം പ്രൊജക്ട് നം 186/ 23 വനിതകൾക്ക് കറവ പശു വിതരണം (അടങ്കൽ - വികസനഫണ്ട്

ജനറൽ – 750000/- ഗുണഭോക്തൃവിഹിതം -120000/- ; ചെലവ്, വികസനഫണ്ട് ജനറൽ – 600000/-) എന്ന പദ്ധതിയിലൂടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റുകൾ ഫയലിൽ ലഭ്യമല്ല. റേഷൻകാർഡ് പ്രകാരമുള്ള വരുമാനം പരിശോധിച്ചാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന മറുപടി തൃപ്തികരമല്ല. 10000/- വരെയുള്ള ആനുകൂല്യങ്ങൾക്ക് മാത്രമാണ് റേഷൻ കാർഡ് പ്രകാരമുള്ള വരുമാനം പരിഗണിക്കാൻ അനുവദിച്ചിട്ടുള്ളത്. വരുമാന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി ഗുണഭോക്താക്കളുടെ വരുമാനം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

2) തൻവർഷം പ്രൊജക്ട് നം 172/23 കറവ പശുക്കൾക്ക് കാലിതിറ്റ (അടങ്കൽ - വികസനഫണ്ട് ജനറൽ – 311250/- ഗുണഭോക്തൃവിഹിതം – 311250/- ; ചെലവ്, വികസനഫണ്ട് ജനറൽ – 311250/-) എന്ന പദ്ധതി പ്രകാരം വിതരണം ചെയ്ത കാലിതീറ്റകൾ കാഞ്ഞൂർ ക്ഷീരസഹകരണ സംഘം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ബിൽ തുക കാഞ്ഞൂർ ക്ഷിരസഹകരണ സംഘത്തിന് നേരിട്ട് നൽകിയതായും കാണുന്നു. നിർവഹണ ഉദ്യാഗസ്ഥൻ വാങ്ങൽ നടത്തി ക്ഷിരസഹകരണ സംഘം വഴി നടത്തേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗുണഭോക്താക്കൾക്കും കാഞ്ഞൂർ ക്ഷിരസഹകരണ സംഘം വഴിയാണ് കാലിതീറ്റ വിതരണം ചെയ്തിട്ടുള്ളത് (മറ്റുള്ള ക്ഷീരസഹകരണ സംഘത്തിൽപ്പെട്ടവർ ഉൾപ്പെടെ). കാലിതീറ്റ ഇറക്കു കൂലി, കേരള ഫീഡ്സിൽ നിന്ന് ലഭ്യമായിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തിരുമാനപ്രകാരമാണ് ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിച്ചു. സുതാര്യമായി പദ്ധതി നടപ്പിലാക്കുന്നതിനായി നിർവഹണ ഉദ്യാഗസ്ഥൻ വാങ്ങൽ നടത്തി ക്ഷിരസഹകരണ സംഘം വഴി വിതരണം ചെയ്യുന്ന രീതി സ്വീകരിക്കേണ്ടതാണ്.

3) വിതരണം ചെയ്ത ആനുകൂല്യം ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പു വരുത്തുന്നതിനും ഒരേ വ്യക്തിക്ക് വിവിധ വർഷങ്ങളിൽ ഇതേ ആനുകൂല്യം വീണ്ടും ലഭിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും വിതരണ രജിസ്റ്റർ തുടർച്ചയായി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ആനുകൂല്യം രേഖപ്പെടുത്തുന്നതിന് വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്നറിയിച്ചു. വിതരണ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/26.09.23) ലഭിച്ച മറുപടി പരിഗണിച്ചിട്ടുണ്ട്. മറുപടി പൂർണ്ണമായും തൃപ്തികരമല്ലാത്തതിനാൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

1-21 കുടുംബശ്രീ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി- യൂണിറ്റുകൾ ആരംഭിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പദ്ധതിയുടെ പേര് | 177/23, കുടുംബശ്രീ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി. |
| നിർവ്വഹണം | വി.ഇ.ഓ. |
| ആകെ അടങ്കൽ | 100000/- |
| ആകെ ചെലവ് | 90000/-(വികസനഫണ്ട് ജനറൽ) |
| ബിൽ നമ്പർ,തീയതി | 276/28-2-2023 |

മേൽ പദ്ധതി പ്രകാരം ഒൻപത് കുടുംബശ്രീ സംഘങ്ങൾക്ക് 10000/-രൂപ വീതം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി നല്കിയിട്ടുണ്ട്. 10000/-രൂപ സബ്സിഡിയും 40000/-രൂപ ബാങ്ക് വായ്പയും ഉൾപ്പെടെ 50000/- രൂപയാണ് അംഗീകരിക്കപ്പെട്ട പ്രൊജക്റ്റ് പ്രകാരം സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ചെലവ്. സംരംഭം തുടങ്ങുന്നതിനായുള്ള പ്രൊജക്റ്റ് റിപ്പോർട്ട്, സബ്സിഡി തുക ക്രെഡിറ്റ് ചെയ്തതിന്റെ പാസ്ബുക്ക് പകർപ്പ് തുടങ്ങിയവ എല്ലാ കുടുംബശ്രീ സംഘങ്ങളുടേതും ലഭ്യമാക്കിയിട്ടുണ്ട്. മിക്ക കുടുംബശ്രീസംഘങ്ങളും തയ്യൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആടുവളർത്തൽ യൂണിറ്റ്, പച്ചക്കറി/പലവ്യഞ്ജന

വിപണനയൂണിറ്റ് എന്നിവ ചില കുടുംബശ്രീകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവക്കായി വാങ്ങേണ്ട മെഷിനറി, മറ്റ് അനുബന്ധ സാമഗ്രികളുടെ ലിസ്റ്റ് എന്നിവ പ്രൊജക്റ്റ് റിപ്പോർട്ടിലുണ്ട്. എന്നാൽ ഇവ വാങ്ങിയതായോ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചതായോ സൂചിപ്പിക്കുന്ന രേഖകൾ ഇല്ല. കുടുംബശ്രീ സംഘങ്ങൾ ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ബാങ്ക് വായ്പ ലഭ്യമാക്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 23 തീയതി 26-9-23) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. യൂണിറ്റുകൾ ആരംഭിച്ചിട്ടില്ല എന്നതാണ് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ഹാജരായ വേളയിൽ അറിയിച്ചിട്ടുള്ളത്. ഫലത്തിൽ ഏതാനും കുടുംബശ്രീ സംഘങ്ങൾക്ക് സബ്സിഡി തുക വിതരണം ചെയ്യുന്ന പദ്ധതിയായി ഇത് പരിണമിക്കുകയാണുണ്ടായതെന്ന് വ്യക്തമാകുന്നു. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ വായ്പാബന്ധിതമായ പദ്ധകളിൽ ബാങ്ക് വായ്പ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി തുക വിതരണം ചെയ്യേണ്ടതാണ്. കൂടാതെ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ച എന്നതും ഉറപ്പാക്കേണ്ടതാണ്.

## 1-22 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പദ്ധതിയുടെ പേര് | 20/23, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ അടങ്കൽ | 400000/- |
| ആകെ ചെലവ് | 400000/- |
| ബിൽ നമ്പർ,തീയതി | 87/1-10-2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോക്ക് 400000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 309030/- രൂപക്കുള്ള മരുന്നുകളുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ രൂപ 90970/- രൂപക്കുള്ള മരുന്ന് കൂടി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 5 തീയതി 23-9-2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതിനാൽ രൂപ 90970/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ്ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹2391063/- | ₹436429/- | 0 | ₹2827492/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 2014-15 | വാർഡ് 5 ഇടശ്ശേരി മില്ലിന് മുൻപിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 288465/ 12.03.15 | ₹8662 |
| 2014-15 | വാർഡ് 5 പുത്തൻപുരക്കൽ ആന്റണിയുടെ കടയുടെ മുൻപിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 288466/ 12.03.15 | ₹8110 |

| | | | |
|---|---|---|---|
| 2015-16 | സ്ലീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 21500560/ 17.09.2015 | ₹300000 |
| 2015-16 | സ്ലീറ്റ് ലൈൻ വലിക്കൽ , ട്യൂബ് സെറ്റ് വാങ്ങൽ | 074053/19.03.2016 | ₹43430 |
| 2016-17 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21600024/18.04.2016 | ₹5801 |
| 2016-17 | ലൈൻ എക്സ്റ്റൻഷൻ | 21601016/13.02.2017 | ₹362330 |
| 2016-17 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അവശേഷിക്കുന്ന തുക(പ്രൊജക്റ്റ് നമ്പർ ലഭ്യമല്ല) | 21601142/22.02.2017 | ₹273 |
| 2016-17 | ലൈൻ എക്സ്റ്റൻഷൻ | 21701484/13.03.2017 | ₹196449 |
| 2016-17 | പ്രൊജക്റ്റ് നമ്പർ ലഭ്യമല്ല | 21701476/05.03.2017 | ₹132300 |
| 2016-17 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അവശേഷിക്കുന്ന തുക(പ്രൊജക്റ്റ് നമ്പർ ലഭ്യമല്ല) | 21701484/14.03.2017 | ₹476456 |
| | | | |
| 2018-19 | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 44/18-19/15.02.2019- | ₹92916 |
| 2017-18 | സ്ലീറ്റ് മെയിൻ നീട്ടലും പുതിയ ലൈറ്റ് സ്ഥാപിക്കലും-ഘട്ടം 2 (206/18) | 21701062/22.07.2017 | ₹321750 |
| 2019-20 | 164/20<br>വിവിധ വാർഡുകളിൽ സ്ലീറ്റ് മെയിൻ വലിക്കൽ, ഗതാഗത തടസ്സമുള്ള പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വഴിവിളക്ക് വാങ്ങലും സ്ഥാപിക്കലും | 21901061/ 01.06.2019 | ₹442586 |
| 2021-22 | വിവിധ വാർഡുകളിൽ സ്ലീറ്റ് ലൈൻ എക്സ്റ്റെൻഷൻ<br>പ്രൊ.നം. S0127 /22 | 1051<br>തീയതി.31.03.2022 | ₹262296 |
| 2022-23 | വിവിധ വാർഡുകളിലെ സ്ലീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും 2022-23,<br>പ്രൊ.നം. S026 /23 | 170/04.01.2023<br>216/06.02.2023 | ₹397725<br>₹38704 |
| ഒട്ടാകെ | | | 3089788/- |

2021-22 വർഷം നൽകിയ 262296/- രൂപ ഈ ഹെഡ്ഡിൽ ഉൾപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ 2827492/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 3089788/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. 2023-24 ൽ ഈ തുക ഉൾപ്പെടുത്തി അപാകത പരിഹരിച്ചിട്ടുണ്ട്.

എ) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500201 | ₹1305496/- | 0/- | ₹571715/- | ₹733781/- |

വാട്ടർ അതോറിട്ടിക്ക് കൈമാറിയതിൽ ക്രമീകരിക്കാനവശേഷിക്കുന്ന 733781/- രൂപ ഏത് വർഷം, ഏത് പദ്ധതികൾക്കായി നൽകിയതാണെന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 25.09.2023 ൽ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. വിവിധ പദ്ധതികളിലായി മുൻകൂർ നൽകിയ തുകയുടേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചതിന്റെയും അവശേഷിക്കുന്ന തുകയുടെയും വ്യക്തമായ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 സർക്കാർ നിർദ്ദേശം പാലിക്കുന്നത് സംബന്ധിച്ച്

പ്രോജക്റ്റ് നം 36/23 ശബരി റെയിൽവേ സമാന്തര പാതകൾ (അടങ്കൽ₹1495000/- (മെയിന്റനൻസ് ഫണ്ട് റോഡ്), ചെലവ് - ₹1349255/-)എന്ന പ്രവൃത്തി റെയിൽവേയുടെ അധീനതയിലുള്ള സ്ഥലത്ത് റെയിൽവേയുടെ NOC യും സർക്കാർ അനുമതി നൽകിയതിൻ പ്രകാരവും നടപ്പിലാക്കിയിട്ടുണ്ട്. പ്രൊപ്പോസ്ഡ് റെയിൽവേ റെയിൽവേ ലൈനിന്റെ രണ്ടു ഭാഗത്തുമായി രണ്ട് റോഡുകൾകാകായി ഒരു

എസ്റ്റിമേറ്റ് തയ്യാരാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി തേടിയിരുന്നത് എങ്കിലും മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയ ഉത്തരവ് (GO(Rt)Nx 581/2022/LSGD Dt 10-3-2022)പ്രകാരം ഈ പ്രവൃത്തി രണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുന്നതിനാണ് നിർദ്ദശിച്ചിരുന്നത്. എന്നാൽ മുൻപ് തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് കാണുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/26.09.2023) DPC അംഗീകരം വാങ്ങി നടപ്പിലാക്കേണ്ടി വരുമെന്നതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് കമ്മിറ്റിയുടെ വാക്കാലുള്ള നിർദ്ദേശമനുസരിച്ചാണ് പ്രവൃത്തി നടപ്പിലാക്കിയത് എന്ന മറുപടി തൃപ്തികരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശം കത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-25 ഇ ടെണ്ടർ ഫീസ് തുക സമയബന്ധിതമായി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല

2022-23 വർഷം അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക പഞ്ചായത്ത് ഫണ്ടിൽ സമയാസമയങ്ങളിൽ ലഭ്യമാകുന്നില്ല. ഇ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി പഞ്ചായത്ത് അസി.എഞ്ചിനിയർ പേരിലുള്ള അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് തൻവർഷം ലഭ്യമായ തുകയുടെ വിശദാംശങ്ങൾ സഹിതം വിശദികരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/25.9.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ നൽകിയ മറുപടി പ്രകാരം 2022-23 വർഷത്തെ ₹86615/- പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി അറിയിച്ചു. (Recept No 1230301615/G070306 Dt 26-2-23). ഭാവിയിൽ തുകകളുടെ കൃത്യത ഉറപ്പാക്കി അതത് സാമ്പത്തിക വർഷം തന്നെ തുക അടവാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-26 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിയ്ക്ക് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത് എങ്കിലും നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല.

1) 36/23, ശബരി റെയിൽവേ സമാന്തര പാതകൾ മെയിന്റനൻസ് (S.O.176/22)

അടങ്കൽ - ₹1495000/- (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് - ₹1349255/-{ACR Bill No 190/19.1.23 }

PAC- ₹1266949/- ( ജി.എസ്.ടി.ഒഴികെ)

എഗ്രിമെന്റ് നം: 42/KJ/AELSGD/2021-22/31-03-2022

പൂർത്തീകരണ കാലാവധി - 30.09.2022 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 19.12.2022

ഈടാക്കിയ പിഴ - 0

ഈടാക്കേണ്ടിയിരുന്നത്- ₹38008/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹38008/-

2) 46/23, ആയുർവേദ ഹോസ്പിറ്റൽ മെയിന്റനൻസ്, (201/20-21)

അടങ്കൽ - ₹500000/- (MG-NR)

ചെലവ് - ₹372671/- { TRN-201109000000005456 Dt 6.8.2022, 71138/-; ACR Bill No 196/27.1.23, 301533/-}

PAC- ₹441964/- (ജി.എസ്.ടി.ഒഴികെ)

എഗ്രിമെന്റ് നം: 70/KJ/AELSGD/2020-21/18-02-2021

പൂർത്തീകരണ കാലാവധി - 17.08.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 16.05.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹13259/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹13259/-

3) 47/23, എസ് സി ശ്മശാനം (S.O.119/22)

അടങ്കൽ - ₹50000/- (Scp)

ചെലവ് - ₹31563/-{ACR Bill No 60/27.8.22, 31563/- }

PAC- ₹42373/- (ജി.എസ്.ടി.ഒഴികെ)

എഗ്രിമെന്റ് നം: 19/KJ/AELSGD/2021-22/28-12-2021

പൂർത്തീകരണ കാലാവധി - 27.6.2022 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 25.07.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹1000 (1% Of PAC അല്ലെങ്കിൽ കുറഞ്ഞത് ₹1000/-)

ആകെ ഈടാക്കേണ്ട തുക- ₹1000/-

4) 60/23, കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് (181/22)

അടങ്കൽ - ₹200000 (CFC)

ചെലവ്-₹167087{TRN-201109000000006342 Dt 31.8.2022, }

PAC- ₹169491/- (ജി.എസ്.ടി.ഒഴികെ)

എഗ്രിമെന്റ് നം: 49/KJ/AELSGD/2020-21/9-10-2020

പൂർത്തീകരണ കാലാവധി - 08.04.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 21.03.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹5085/-(3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹5085/-

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/09.08.2023)ക്ക് മറുപടിയിൽ കരാറുകാർക്ക് കത്ത് നൽകിയതായി അറിയിച്ചു. ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക ₹57352/-(38008+13259+1000+5085) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ടെണ്ടർ ഫോം ഫീ, രസീത് നമ്പർ, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി/തീയതി രേഖപ്പെടുത്തുന്നില്ല.

3. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

4. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

5. നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6.മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തി വിപുലീകരണം, ആസ്തി വാല്യുവിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഈ തുക ധനകാര്യപത്രികകളിൽ ആസ്തിയായി ചേർക്കുയോ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റുകയോ ചെയ്യുന്നില്ല.

7.മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് അറ്റകുറ്റപണികളുടെ ഭാഗമായി പലഭാഗങ്ങളിലും റോഡ് ടൈൽ വിരിക്കുന്നു എങ്കിലും അസറ്റ് രജിസ്റ്ററിൽ റോഡിന്റെ ഡിസ്ക്രിപ്ഷനിൽ ഇതനുസരിച്ച് മാറ്റം വരുത്തി കാലികമാക്കുന്നില്ല.

8. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് അറ്റകുറ്റപണികളുടെ ഭാഗമായി കാലി വീപ്പയുടെ വില മെയിന്റനൻസ് ഫണ്ടിൽ തിരിച്ചടയ്ക്കുന്നതിന് പകരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കുകയാണ്

ചെയ്യുന്നത്.

9. പ്രവൃത്തിയുടെ ബില്ലിലും ട്രഷറി ബില്ലിലും കാലി വീപ്പയുടെ വില, മണ്ണിന്റെ വില, പിഴ തുക മുതലായ കിഴിവുകൾ Penalties And Fines എന്ന ഹെഡിൽ ഒരുമിച്ചാണ് രേഖപ്പെടുത്തുന്നത്. ഓരോ ഇനത്തിനും കുറവു ചെയ്ത തുകയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ധനകാര്യ പത്രികയിൽ ഇവയെല്ലാം Penalties And Fines ഹെഡിൽ ഒരുമിച്ചാണ് രേഖപ്പെടുത്തുന്നത് എന്നതും ശരിയായ നടപടിയല്ല. ഓരോ ഇനത്തിന്റേയും വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതും ധനകാര്യ പത്രികയിൽ ഓരേ ഇനവും വ്യത്യസ്ത ഹെഡിൽ ചേർക്കേണ്ടതുമാണ്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/26.09.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### 1-28 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ -പഴയവ തിരികെ വാങ്ങി ലേലം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം. | S161/23 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 52500/-(തനത് ഫണ്ട്) |
| ചെലവ് | 48300/- |
| ബിൽ നമ്പർ | 236/16.02.2023 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ പഞ്ചായത്തിലെ 21 അങ്കണവാടികളിലേക്കും 2300/-രൂപ നിരക്കിൽ ആകെ 48300/- രൂപ ചെലവഴിച്ച് ഗ്യാസ് സ്റ്റൗ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 21 അങ്കണവാടികളിലും മുൻപ് ഗ്യാസ് കണക്ഷൻ ഉണ്ടായിരുന്നതായി കാണുന്നു. മുഴുവൻ അങ്കണവാടികളിലേക്കും പുതിയ സ്റ്റൗ വാങ്ങി വിതരണം ചെയ്യുമ്പോൾ മുൻപ് ഉപയോഗിച്ചിരുന്നവയിൽ എത്രയെണ്ണം ഉപയോഗക്ഷമമല്ലായിരുന്നുവെന്നോ, എന്തുകൊണ്ടാണ് എല്ലാ സ്റ്റൗവും ഒരുമിച്ച് മാറേണ്ടി വന്നതെന്നോ ഫയലിൽ നിന്ന് വ്യക്തമല്ല. പുതിയവ വാങ്ങി നൽകിയപ്പോൾ പഴയ സ്റ്റൗ തിരികെ വാങ്ങി സ്റ്റോക്കിലെടുത്തതായോ, അവ ഉപയോഗയോഗ്യമല്ലെങ്കിൽ മൂല്യ നിർണ്ണയം നടത്തി സ്ക്രാപ്പ് വിലയ്ക്ക് വിൽപ്പന ചെയ്യാൻ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.09.2023 ൽ 30ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ കാലപ്പഴക്കം വന്ന സ്റ്റൗ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ടതിനാലാണ് വാങ്ങി നൽകിയതെന്നും നിലവിൽ ഉപയോഗ ശൂന്യമായവ പഞ്ചായത്ത് സമിതിയെ അറിയിച്ച് സ്ക്രാപ്പ് വിലയ്ക്ക് വിൽക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 21 അങ്കണവാടികളിലെയും സ്റ്റൗ ഒരേ സമയം ഉപയോഗക്ഷമമല്ലാതായി എന്ന വിശദീകരണം യുക്തിക്ക് നിരക്കുന്നതല്ലെങ്കിലും കുട്ടികളുടെ സുരക്ഷ കൂടി കണക്കിലെടുത്ത് നടപ്പാക്കിയ പദ്ധതിയാണെന്ന ഭാഗം അംഗീകരിക്കുന്നു. പഴയ സ്റ്റൗവുകൾ തിരികെ സ്റ്റോക്കിലെടുത്ത് ഉപയോഗയോഗ്യമല്ലെങ്കിൽ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 വർഷത്തെ ഓഡിറ്റിനോടൊപ്പമാണ് വാർഷികകണക്കുകൾ പരിശോധനക്ക് വിധേയമാക്കിയത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 500100 | 11/23 അനുപൂരക പോഷകാഹാരം | 500100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 400190 | 42/23 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400190 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 225000 | 75/23 പാൽ സബ്സിഡി | 225000 | |
| ആകെ | | | 1125290 | | 1125290 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 320000/- | 129/23 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 320000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 128330 | 42/23മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 128330 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 75000 | 75/23 പാൽ സബ്സിഡി | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 639000 | 221/23 എസ് സി | 639000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ആകെ | | | 1162330 | | 1162330 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 26/23 വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റലും (CFC) | 170/4-1-23 (397725/-)<br>216/6-2-23 (38704/-) | 436429 | 436429 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2600000.00 വരവ് വന്നിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ (കെ യു ആർ ഡി എഫ് സി) | സർക്കാർ ഉത്തരവ് എം എസ് നം 68/18 തീയതി 18.05.2018 | 2600000 | 1931037 | 1335651 | 0 | 3195386 |

ജി ഒ പ്രൊജക്റ്റ് മുഖേന തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്റ്റ് | | തുക |
| നമ്പർ | പേര് | |
| എസ്.218/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹440850 |
| എസ്.226/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹440851 |
| എസ്.217/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹226975 |
| എസ്.225/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹226975 |
| ആകെ | | ₹1335651 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-19 | 2020-21 | അനുബന്ധം 2 - മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ(PHC), ക്രമനമ്പർ 70 | | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു. |
| ,, | 1-30 | ,, | അനുബന്ധം 2 – മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ (ആയുർവേദം), ക്രമനമ്പർ 13 | | ,, |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37875413.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35666392.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 00.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 00.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 516182.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം , വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും കയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 50000 | ശ്രീമതി പ്രതിഭ മത്തായി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 37712 | ശ്രീമതി നഫീസ സി.എം. അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 337500 | ശ്രീമതി സിമി കെ എസ് കൃഷി ഓഫിസർ |
| 1-22 | 90970 | ഡോ അഭിജിത് മെഡിക്കൽ ഓഫിസർ, ഹോമിയോ |

| | |
|---|---|
| ആകെ | 516182 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രതിഭ മത്തായി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കമാലി ബ്ലോക്ക് | തടിക്കുളങ്ങര വീട്, ഐമുറി പി.ഓ., പെരുമ്പാവൂർ |
| ശ്രീമതി നഫീസ സി.എം. അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | മല്ലശ്ശേരി വീട്, റയോൺപുരം പി.ഓ., പെരുമ്പാവൂർ |
| ശ്രീമതി സിമി കെ എസ് കൃഷി ഓഫിസർ | കൃഷി ഓഫിസർ, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | പുളിമൂട്ടിൽ വീട്, കുമാരപുരം പി.ഓ., പള്ളിക്കര, എറണാകുളം |
| ഡോ അഭിജിത് മെഡിക്കൽ ഓഫിസർ, ഹോമിയോ | മെഡിക്കൽ ഓഫിസർ, (ഹോമിയോ), ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് | ബസന്ത് എൻക്ലേവ്, ചിത്രാ ലെയിൻ, ആലുവ പി ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |
| 1999-00, 2001-02(ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17/ 29.11.2017 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം (പി.13) 146/19/ 18.03.2019 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം (പി.13) 257/20/ 13.03.2020 |
| 2019-20 | നം.കെ.എസ്.എ.-ഇകെഎം (പി.13) 490/21/ 29.03.2021 |
| 2020-21 | നം.കെ.എസ്.എ.-ഇകെഎം (പി.13) 1952/21 / 12.04.2022 |
| 2021-22 | നം.കെ.എസ്.എ.-ഇകെഎം (പി.13) 211/23 / 11.04.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanjoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjoor Grama Panchayat for the year 2022-2023

Date: 04/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kanjoor Grama Panchayat for the Year 2022-2023.

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of *Notes on Accounts* in Financial statements and non disclosure of material facts

**2.Other Observations**

1.The following mandatory financial statements prescribed in Accounting Rules are not submitted for

audit. Ratios and Notes on Accounts.

2.Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in *Net increase/ decrease in cash and cash equivalents* (Rs.2209021/-) does not match with the *Net Cash Generated By Operating+Investing+Financing Activity* which is recoderd as Rs.752462/-. Both figures should be equal as per the approved accounting standards. Hence the accuracy of the Cash Flow Statements is not certified.

3.Asset Value accounted is not accurate.

4.Property Tax D.C.B in A.F.S does not match with the DCB in Sanchaya Statements.

5. Registers like deposit register and advance register are not kept updated.
6. Advance for deposit works given to KSEB pending to be regularised amounts to Rs.3089788/-. But the amount recorded in the balance sheet is Rs.2827492/-. Details of pending advance to Kerala Water Authoriy amounting to Rs.733781/- were not made available.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്